## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1509** | **06/03/2017-ൽ മറുപടിയ്ക്ക്**

### പച്ചക്കറി വിപണനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികോർപ്പ്/വി.എഫ്.പി.സി.കെ. മുഖേന വിപണനം നടത്തുന്ന പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | വരൾച്ച മൂലമുള്ള വിളനാശവും അയൽ സംസ്ഥാനങ്ങളിലുണ്ടായ വിളനാശവും മൂലം പച്ചക്കറികളുടെ മൊത്തവിലയും ചില്ലറ വിലയും മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം കൂടിയിട്ടുണ്ട്. എന്നിരുന്നാലും കമ്പോളവിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് ഹോർട്ടികോർപ്പ് പഴം പച്ചക്കറി വിപണനം നടത്തുന്നത്. |
| ബി) സർക്കാർ ഏജൻസികൾക്ക് വിലവർദ്ധന പിടിച്ചുനിർത്തുവാൻ സാധിക്കാതെ വരുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ; | ബി) | ക്രമാതീതമായ വിലവർദ്ധനവ് ഉണ്ടാകുന്ന അവസരങ്ങളിൽ വിപണി വിലയെക്കാൾ 30% കുറഞ്ഞ നിരക്കിൽ അവശ്യ പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ